# സങ്കടങ്ങൾ അറിയുന്ന ദൈവം

## പുറപ്പാട് 3:7

"ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു."

അദ്ധ്യായം 2 അവസാനിക്കുമ്പോൾ നാം ഇങ്ങനെ കാണുന്നു, "ഏറെ നാൾ കഴിഞ്ഞിട്ടു മിസ്രയീം രാജാവു മരിച്ചു. യിസ്രായേൽമക്കൾ അടിമവേല നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു; അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിൽ എത്തി. ദൈവം അവരുടെ നിലവിളി കേട്ടു; ദൈവം അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും തനിക്കുള്ള നിയമവും ഓർത്തു. ദൈവം യിസ്രായേൽമക്കളെ കടാക്ഷിച്ചു; ദൈവം അറിഞ്ഞു." എല്ലാം അറിയാൻ കഴിവുള്ളവനും അറിയുന്നവനുമായ ദൈവത്തെ യിസ്രായേൽ മക്കളുടെ ഇടയിലോട്ട് അവതരിപ്പിച്ചു കൊണ്ടാണ് പുറപ്പാട് പുസ്തകം തുടങ്ങുന്നതു തന്നെ. മൂന്നാം അദ്ധ്യായത്തിൽ തന്റെ അമ്മായപ്പനായ യിത്രോവിന്റെ ആടുകളെ മേയിപ്പാൻ ഹോറേബ് വരെ പോയ മോശയ്ക്ക് ദൈവം മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട് തന്റെ ജനത്തെ വിടുവിപ്പാനുള്ള അരുളപ്പാട് നൽകുന്നു. ആ സന്ദർഭത്തിൽ ദൈവം പറയുന്ന വചനമാണ് നാം മേൽ വായിച്ചു കേട്ടത്.

നമ്മിൽ പലരും നമ്മുടെ ഉള്ളിലെ വേദനകളും ദു:ഖങ്ങളും കഴിവതും ആരും അറിയരുത് എന്ന് ആഗ്രഹിക്കുന്നവരാണ്. അതിന് കാരണം ആരെങ്കിലും അറിഞ്ഞാൽ അത് നമുക്ക് അപമാനമായിത്തീരും എന്നുള്ളതിനാലോ അതും അല്ലെങ്കിൽ അറിയുന്നതു കൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നും ഉണ്ടാകുകയില്ല എന്നതിനാലോ ആകാം. എന്നാൽ ദൈവം അത് അറിയുകയും നമ്മുടെ ദു:ഖങ്ങൾക്ക് പരിഹാരം വരുത്താൻ പ്രവർത്തിക്കുകയും ചെയ്യുന്നവനാണ്. ഇവിടെ മിസ്രയീമിൽ അടിമത്തത്തിലായിരുന്ന തന്റെ ജനത്തിന്റെ സങ്കടമാണ് ദൈവം അറിയുന്നു എന്നു പറഞ്ഞത്. പുറപ്പാട് പുസ്തകം ആരംഭിക്കുമ്പോൾ വർദ്ധിച്ച് പെരുകി ദേശത്തു നിറഞ്ഞ് സമ്പന്നരായി ബലപ്പെട്ട ഒരു ജനസമൂഹത്തെ നാം കാണുന്നു. എന്നാൽ തങ്ങളുടെ സമ്പത്തിലും ശക്തിയിലും ഭയംപൂണ്ട ഭരണാധികാരി തങ്ങളെ തകർക്കുവാൻ ആവിഷ്കരിച്ച തന്ത്രങ്ങളാണ് അവരുടെ ജീവിതം ദുരിത പൂർണ്ണമാക്കിയത്. അതു വരെയും അതിനു ശേഷവും തങ്ങൾ ആയിരുന്ന ദേശത്തിന്റെ നന്മയ്ക്കു വേണ്ടി ആരോഗ്യവും, സമയവും, ബുദ്ധിയുമൊക്കെ അവർ ഉപയോഗിച്ചു. എന്നാൽ ആ ജനത അവരെ സംശയിച്ചു. അവരെ വളരെയധികം കഷ്ടത്തിലാക്കി അടിമപ്പണിയെടുപ്പിച്ചു. ഒടുവിൽ സഹിക്കവയ്യാതായപ്പോൾ തങ്ങളെ സഹായിപ്പാൻ ഇനി ആരെങ്കിലും കാണുമോ എന്നു വെച്ച് അവർ അലമുറയിടുകയാണ്. ആ വേദന അവർക്ക്

മറച്ചു വെയ്ക്കാവുന്നതിലുമധികമായി, അതിനൊരു പരിഹാരമുണ്ടാകുമോ എന്നൊന്നും അവർക്കുറപ്പില്ലായിരുന്നു. എന്നാൽ ആ നിലവിളി ദൈവം കേട്ടു എന്ന് വചനം ആവർത്തിച്ചാവർത്തിച്ചു പറയുന്നു.

നാം പലപ്പോഴും എത്ര തന്നെ നന്മയും ഉപകാരവും ചെയ്താലും അവയെല്ലാം സംശയത്തോടെ നോക്കിക്കാണുന്ന ഒരു ലോകത്തിലാണ് ജീവിക്കുന്നത്. നമ്മുടെ അഭിവൃദ്ധിയും നന്മയുമെല്ലാം തങ്ങൾക്ക് ദോഷമായിത്തീരും എന്ന് ചിന്തിക്കുന്ന ലോകം. അത് അനുഭവിച്ച് മനസ്സിടിഞ്ഞ് ജീവിതം മടുത്തു പോകുന്ന വേളകളിൽ ദൈവത്തിന്നു നമ്മോട് പറയാനുള്ള ആലോചനയാണ് 'ഞാൻ നിങ്ങളുടെ സങ്കടം അറിയുന്നു' എന്നുള്ളത്. ദൈവത്തിന്റെ പക്കൽ നിന്ന് തക്ക സമയത്ത് നമുക്ക് ആശ്വാസവും വിടുതലും ഉണ്ടാകും. അവിടുന്ന് നമുക്കായി നന്മകൊളൊരുക്കി ജീവിത ദു:ഖങ്ങളകറ്റി അനുഗ്രഹവും സന്തോഷവും നൽകിത്തരും. ആയതിനാൽ തക്കസമയത്ത് നമ്മുടെ സകല അപേക്ഷകളും പ്രാർത്ഥനകളും ആ തിരുസന്നിധിയിൽ എത്തുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

2 രാജാക്കന്മാർ 20:5

ഞാൻ നിന്റെ പ്രാർത്ഥന കേട്ടു; നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 133**